NOTIFICATION.

LD (b) 2-3173|55|Law. *7th September 1955.*

The Indian Tariff (Amendment) Act, 1955 (Central Act 27 of 1955) is hereby republished for general information. The Bill as passed by The Houses of Parliament was assented to by the President on 23-8-1955.

By order of His Highness the Raj Pramukh,

Government Secretariat,
Law Department,
Trivandrum.

N. S. RADHAKRISHNA SARMA,
Secretary to Government.

THE INDIAN TARIFF (AMENDMENT) ACT, 1955

(27 OF 1955)

An

ACT

further to amend the Indian Tariff Act, 1934.

BE it enacted by Parliament in the Sixth Year of the Republic of India as follows:—

1. Short title. This Act may be called the Indian Tariff (Amendment) Act, 1955.

2. Amedment of the First Schedule to Act XXXII of 1934. In the First Schedule to the Indian Tariff Act, 1934,—

(i) for Item No. 28(1), the following Item shall be substituted, namely:—

"28(1)	Bleaching paste and bleaching powder.	Protective	15 per cent. *ad valorem*	..	..	December 31st, 1958.";

(ii) for Item No. 28(20), the following Item shall be substituted, namely:—

"28(20)	(*a*) Acid Oleic or any product containing 70 per cent. or more of free liquid fatty acids.	Protective	31 1/2 per cent. *ad valorem* or 8 annas per lb., whichever is higher.	..	..	December 31st, 1957.
	(*b*) Any product manufactured from (*a*) and containing 70 per cent. or more of combined liquid fatty acids.	Protective	31 1/2 per cent. *ad valorem* or 8 annas per lb., whichever is higher.	..	..	December 31st, 1957.

	(c) Acid Stearic or any product containing 70 per cent. or more of free solid fatty acids.	Protective	31 1/2 per cent. *ad valorem* or 8 annas per lb., whichever is higher.	..	..	December 31st, 1957.
	(d) Any product manufactured from (c) and containing 70 per cent. or more of combined solid fatty acids.	Protective	31 1/2 per cent. *ad valorem* or 8 annas per lb., whichever is higher.	..	..	December 31st, 1957.
	(e) Mixture of (d) and (e) above containing 70 per cent. or more of free fatty acids.	Protective	31 1/2 per cent. *ad valorem* or 8 annas per lb., whichever is higher.	..	..	December 31st, 1957.

(iii) after Item No. 28(33), the following Item shall be inserted, namely:—

"28(34)	Caustic soda— (a) of British manufacture.	Protective	27.3 per cent. *ad valorem*.	..	..	December 31st, 1958.
	(b) not of British manufacture.	Protective	Preferential rate of duty actually charged for the time being for such products of British manufacture plus ten per cent. *ad valorem*.	..	..	December 31st, 1958.
Note:—	Caustic soda manufactured in a British Colony shall be deemed to be of British manufacture.					";

(iv) in Item No. 30(1), in the entry in the second column, for the words and figures "other than Alizarine moist exceeding 20 per cent., Alizarine red, Azo dyes, Sulphur black, Sulphur dyes of other colours, Ultrazols and vats, powder" the words "not otherwise specified" shall be substituted;

(v) in Item No. 30(13), in the entry in the second column,—

(a) after the words "Azo dyes", the words "not otherwise specified" shall be inserted; and

(b) the words "Sulphur black" shall be omitted;

(vi) after Item No. 30(14), the following Items shall be inserted, namely:—

"30(15)	Dyes derived from coal-tar, and coal-tar derivatives used in any dyeing process, the following, namely:—					
	Dyes belonging to the class of Rapid Fast colours, Rapidogens and Rapidazols.	Protective	12 per cent. *ad valorem.*	..	..	December 31st, 1964.
	Fast colour Salts	Protective	12 per cent. *ad valorem.*	..	..	December 31st, 1964.
	Solubilised Vats.	Protective	12 per cent. *ad valorem.*	..	..	December 31st, 1964
30(16)	Dyes, derived from coal-tar, the following namely:—					
	Acid Azo Dyes (including Acid Fast Red A).	Protective	20 per cent. *ad valorem.*	..	..	December 31st, 1964.
	Direct Azo Dyes (including Congo Red)	Protective	20 per cent. *ad valorem,*	..	..	December 31st, 1964.
	Sulphur Black.	Protective	20 per cent. *ad valorem.*	..	..	December 31st, 1964";

(vii) for Item No. 71(11), the following Item shall be substituted, namely:—

"71(11)	Oil pressure lamps, hurricane and hanging types, irrespective of candle power.	Protective	31 1/2 per cent. *ad valorem.*	..	..	December 31st, 1957. ";

(viii) in Item No. 72(1), in the entry in the second column, the words "and looms", "tape looms" and "silk looms" shall be omitted;

(ix) for Item No. 72(34), the following Item shall be substituted, namely:—

"72(34)	The following cotton textile machinery and apparatus and parts thereof(other than tin rollers and fluted rollers) by whatever power operated, namely, spinning ring frames, spinning ring spindles and spinning rings.	Protective	10 1/2 per cent. *ad valorem*.	..	..	December 31st, 1957.

(x) after Item No. 72(39), the following Item shall be inserted, namely:—

"72(40)	The following textile machinery and parts thereof, by whatever power operated namely,—					
	(*a*) Fluted rollers of all kinds	Protective	10 1/2 per cent. *ad valorem*.	..	..	December 31st, 1957.
	(*b*) Looms of all kinds.	Protective	10 1/2 per cent. *ad valorem*.	..	..	December 31st, 1957.";

(xi) in the Note below Item No. 75(3), for the word, figures and brackets "or 75(11)", the words, figures and brackets "75(11), 75(12), 75(14), 75(15) or 75(16)", shall be substituted;

(xii) in Item No. 75(5), in the entry in the second column, for the words and brackets "Cycles (other than motor cycles) imported entire or in sections", the words and brackets "Cycles (other than motor cycles) imported in sections or otherwise, but excluding saddles, rubber tyres and tubes and accessories, such as, carriers and stands, bells, lamps, pumps, gear cases, chain guards and tool kits" shall be substituted;

(xiii) in Item No. 75(11) (ii), in the entry in the second column after the words "sparking plugs" the words "not otherwise specified" shall be inserted;

(xiv) after Item No. 75(15), the following Items shall be inserted, namely:—

"75(16)	The following articles and parts thereof, adapted for use as parts and accessories of motor vehicles other than motor cycles and motor scooters, namely:— Sparking plugs of 14 mm. and 18 mm. sizes, including the resistor types but excluding integrally screened types.	Protective	92 1/2 per cent. *ad valorem.*	..	..	December 31st, 1955.
75(17)	Hand operated tyre inflators and connections and parts thereof, adapted for use as accessories of motor vehicles.	Protective	45 per cent. *ad valorem.*	..	..	December 31st, 1957."

G. 2358

Gazette No. 41 dated 18th October 1955

PART I. Section i.

NOTIFICATION

I.D. (b) 2-3849|55|Law. *1st October 1955.*

The State Bank of India (Amendment) Act, 1955 (Act 33 of 1955) is hereby republished for general information. The Bill as passed by the Houses of Parliament was assented to by the President on 21-9-1955.

By order of His Highness
the Raj Pramukh,
N. S. RADHAKRISHNA SARMA,
Secretary to Government.

Government Secretariat,
Law Department,
Trivandrum.

THE STATE BANK OF INDIA (AMENDMENT) ACT, 1955

(33 OF 1955)

An

ACT

to amend the State Bank of India Act, 1955.

BE it enacted by Parliament in the Sixth Year of the Republic of India as follows:—

1. **Short title.** This Act may be called the State Bank of India (Amendment) Act, 1955.

2. **Amendment of section 5.** In sub-section (1) of section 5 of the State Bank of India Act, 1955 (23 of 1955) (hereinafter referred to as the principal Act), for the words and figure "transferred to it by paragraph 2 of the First Schedule", the words and figure "transferred to and vested in it under section 6" shall be substituted.

3. **Amendment of section 6.** In section 6 of the principal Act, for sub-section (3), the following sub-section shall be substituted, namely:—

"(3) Unless otherwise expressly provided by or under this Act, all contracts, deeds, bonds, agreements, powers of attorney, grants of legal representation and other instruments of whatever nature subsisting or having effect immediately before the appointed day and to which the Imperial Bank is a party or which are in favour of the Imperial Bank shall be of as full force and effect against or in favour of the State Bank, as the case may be, and may be enforced or acted upon as fully and effectually as if instead of the Imperial Bank the State Bank had been a party thereto or as if they had been issued in favour of the State Bank."

4. **Amendment of section 16.** In sub-section (3) of section 16 of the principal Act, after the words "in existence", the words "in India" shall be inserted.

5. Substitution of new section for section 51. For section 51 of the principal Act, the following section shall be substituted, namely:—

Requirements of foreign law to be complied with in certain cases. "51. If, according to the laws of any country outside India, the provisions of this Act by themselves are not effective to transfer to and vest in the State Bank any asset or liability which forms part of the undertaking of the Imperial Bank and which is situate in that country, the Imperial Bank shall take all such steps as may be required by the laws of that country for the purpose of effecting or perfecting such transfer and vesting, and in connection therewith the Imperial Bank may realise any asset and discharge any liability and transfer the net proceeds thereof to the State Bank.".

6. Insertion of new sections 54, 55, 56 and 57. After section 53 of the principal Act, the following sections shall be inserted, namely:—

Amendment of Act XLVII of 1920. "54. The Imperial Bank of India Act, 1920, (XLVII of 1920) shall be amended in the manner directed in the Fifth Schedule.

No proceeding to lie in India against Imperial Bank after appointed day. 55. On and from the appointed day, no person shall make any claim or demand or take any proceeding in India against the Imperial Bank or a director, officer or other employee thereof in his capacity as such director, officer or employee except in so far as may be necessary for enforcing the provisions of this Act or except in so far as it relates to any offence committed by any such director, officer or employee.

References to the Imperial Bank, the Bank of Bengal, etc., in other laws. 56. On and from the appointed day, any reference to the Imperial Bank or to the Bank of Bengal, the Bank of Madras or the Bank of Bombay in any law (other than this Act or the Imperial Bank of India Act, 1920) (XLVII of 1920) or in any contract or other instrument shall, except as otherwise provided in any general or special order made by the Central Government, be deemed to be a reference to the State Bank.

Dissolution of Imperial Bank etc. 57. (1) On such day as the Central Government may, by notification in the Official Gazette, specify in this behalf, the Imperial Bank shall stand dissolved, and the Imperial Bank of India Act, 1920, (XLVII of 1920) shall stand repealed.

(2) On the day specified in the notification under sub-section (1), the State Bank shall pay to the Reserve Bank a sum of ten lakhs of rupees.

(3) If, on the day specified in the notification under sub-section (1), the Imperial Bank has in its possession or custody any assets created on or after the appointed day,

such assets shall be disposed of in accordance with the directions issued by the Central Government in this behalf."

7. **Insertion of new Schedule.** After the Fourth Schedule to the principal Act, the following Schedule shall be added:—

"THE FIFTH SCHEDULE

[See section 51]

AMENDMENTS TO THE IMPERIAL BANK OF INDIA ACT, 1920

Section. 2.—(a) Omit clauses (c), (d), (f), (g) and (h).

(b) For clauses (j), (k), (l) and (m), substitute—

"(j) 'State Bank' means the State Bank of India constituted under the State Bank of India Act, 1955 (23 of 1955)".

Section 3.—(a) In sub-section (2), for the words "Every person who, immediately before the appointed day, was registered as a shareholder or as a holder of stock in any of the Presidency Banks, together with such other persons as may from time to time become shareholders in the Bank in accordance with the provisions of this Act, shall, as long as they are shareholders in the Bank," substitute the following, namely:—"The persons who for the time being are holding office as chairman, vice-chairman and managing director of the State Bank shall".

(b) For sub-section (3), substitute—

"(3) The capital of the Bank shall consist of ten lakhs of rupees which shall be paid to the Bank by the Reserve Bank of India on the 1st day of July, 1955."

(c) Omit sub-section (4).

Omit sections 4, 5, 6, 7, 13, 13A, 14, 15, 16, 17, 18, 19 and 20.

For section 23, substitute the following:—

Head Office of the Bank. "23. The Bank shall have its Head Office in Bombay.".

For section 24 substitute:—

General superintendence of affairs and business of Bank. "24. (1) The general superintendence of the affairs and business of the Bank shall be entrusted to the chairman for the time being of the State Bank who may exercise all powers and do all such acts and things as may be exercised or done by the Bank or which, immediately before the 1st day of July, 1955, were required or permitted to be exercised or done by the Central Board or by any Local Board of the Bank, and accordingly references to the Central Board, if any, in this Act or in any Regulations made thereunder shall be construed as references to the chairman for the time being of the State Bank.

(2) Any of the powers of functions conferred on the chairman of the State Bank by sub-section (1) may be exercised or performed by any such officer or other employee of the State Bank as may be authorised by the chairman by general or special order.".

Omit sections 25, 26, 27, 28 and 29.

Section 31.—In sub-section (2), omit clauses (a) to (j).

Section 32.—Omit sub-section (2).

After section 32, insert the following:—

Persons authorised to act on behalf of Bank. "32A. (1) Every person (other than the Managing Director and Deputy Managing Director) who, immediately before the 1st day of July, 1955, had authority conferred by any notification issued under Regulation 51 of Schedule II or under bye-law 26 made under section 31 or under any power of attorney granted by the Bank to sign any instrument or perform or do any act or thing for and on behalf of the Bank, shall, on and from the aforesaid date, continue to have the same authority, and shall not, by reason of anything contained in the State Bank of India Act, 1955, (23 of 1955) be deemed to have vacated any office or employment held by him in the Bank immediately before the aforesaid date in connection with which such authority had been conferred on him, but the Bank may at any time revoke any such authority.

(2) Without prejudice to any other provision contained in this Act, the Bank may, by power of attorney, empower any person for and on behalf of the Bank to execute any instrument or to exercise any right or to perform or do any act or thing which may be executed, exercised, performed or done by the Bank.".

In Schedule II,—

(a) omit Regulations 1 to 48;

(b) for Regulation 49, substitute—

Common Seal. "49. The common seal of the Bank shall not be affixed to any instrument except in the presence of the chairman or the vice-chairman or a managing director of the State Bank, who shall sign his name to the instrument in token of his presence, and such signing shall be independent of the signing of any person who may sign the instrument as a witness, and unless so signed, such instrument shall be of no validity.";

(c) in Regulation 51, for the words "The Managing Director and Deputy Managing Director, the secretaries and such other employees", substitute the words "Such employees", and omit the words "and to execute proxies to vote at meetings on behalf of shareholders from whom the Bank holds general powers-of-attorney" occurring at the end;

(d) to Regulation 52, add the following:—

"Provided that nothing contained in this Regulation shall have effect in relation to the holding of any office by, or the employment of any such person in, the State Bank.";

(e) in Regulation 54(2), omit "signed by a majority of the Directors";

(f) omit Regulations 55, 56, 57, 58, 60(2), 60A, 61, 62, 63 and 64;

(g) for Regulation 65, substitute the following:—

Service of notice on Bank. "65. A notice may be served on the Bank by leaving it at, or sending it by post to, the Head Office of the Bank.".

8. **Amendments deemed always to have been made in the principal Act.** The amendments made by sections 2 to 7 shall be deemed always to have been made in the principal Act.

9. **Repeal of Ordinance 4 of 1955.** The State Bank of India (Amendment) Ordinance, 1955, (4 of 1955) is hereby repealed.

വിജ്ഞാപനം.

എൽ. ഡി. (ബി) 2-1916/55/ലം. 1955 മെയ് 25

ഇയ്യിടെ ഇൻഡ്യൻ പാർലമെൻറ് പാസ്സാക്കിയതും 18-5-1955-ലെ ഇൻഡ്യൻ അസാധാരണ ഗസററ്, 2-ാംഭാഗം, 1-ാം വകുപ്പിൽ പരസ്യം ചെയ്തിരുന്നതുമായ താഴെ പറയുന്ന കേന്ദ്ര ആക്ററ് (1955-ലെ 25-ാംനമ്പർ) പൊതുജനങ്ങളുടെ അറിവിനായി വീണ്ടും പ്രസിദ്ധം ചെയ്യുന്നു. ഇൻഡ്യൻ പാർലമെൻറ് പാസ്സാക്കിയപ്രകാരമുള്ള ബില്ലിന് 18-5-1955-ൽ പ്രസിഡൻറിൻെറ അംഗീകാരം സിദ്ധിച്ചിട്ടുണ്ട്.

ഗവണ്മെൻറ് സെക്രട്ടേറിയേററ്,
ലാ ഡിപ്പാർട്ടുമെൻറ്,
തിരുവനന്തപുരം.

രാജപ്രമുഖൻ തിരുമനസ്സിലെ
ഉത്തരവിൻ പ്രകാരം,
എൻ. എസ്സ്. രാമകൃഷ്ണയ്യർ,
ഗവണ്മെൻറ് സെക്രട്ടറി.

1955-ലെ ഹിന്ദു വിവാഹ ആക്ററ്.

(1955-ലെ 25.)

ഹിന്ദുക്കളുടെയിടയിലുള്ള വിവാഹത്തെ സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുകയും ക്രോഡീകരിക്കുകയും ചെയ്യുന്നതിനുള്ള ഒരു ആക്ററ്.

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ ആറാം സംവത്സരത്തിൽ പാർലമെൻറ് താഴെ പറയുംപ്രകാരം നിയമപ്പെടുത്തിയിരിക്കുന്നു:—

പ്രാരംഭം.

1. ചുരുക്കപ്പേരും വ്യാപ്തിയും:— (1) ഈ ആക്ററിന് 1955-ലെ ഹിന്ദു വിവാഹ ആക്ററ് എന്നു പേർ പറയാം.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യാ മുഴുവനും വ്യാപിക്കുന്നതും, ഈ ആക്ററ് വ്യാപിക്കുന്ന പ്രദേശങ്ങളിൽ സ്ഥിരതാമസക്കാരായവരും പ്രസ്തുത പ്രദേശങ്ങൾക്ക് വെളിയിലുള്ളവരുമായ ഹിന്ദുക്കളെക്കൂടി ഇതു ബാധിക്കുന്നതുമാണ്.

2. ആക്ററിൻെറ പ്രയോഗം:— (1) ഈ ആക്ററ്—

(എ) വീരശൈവനോ, ലിംഗായത്തോ അഥവാ ബ്രഹ്മസമാജത്തിൻെറയോ, പ്രാർത്ഥനാ സമാജത്തിൻെറയോ, ആര്യസമാജത്തിൻെറയോ അനുയായിയോ ഉൾപ്പെടെ ഹിന്ദുമതത്തിൻെറ ഏതെങ്കിലും രൂപങ്ങളിലോ വികസനങ്ങളിലോ ആ മതം അനുസരിക്കുന്ന ഹിന്ദുവായ ഏതൊരാൾക്കും,

(ബി) ബുദ്ധമതക്കാരനോ, ജൈനമതക്കാരനോ, സിക്കുമതക്കാരനോ ആയ ഏതൊരാൾക്കും,

(സി) ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നെങ്കിൽ ഇതിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങളിൽ വല്ലതിന്റെയും സംഗതിയിൽ, ഹിന്ദു നിയമത്താലോ, ആ നിയമത്തിന്റെ ഭാഗമെന്ന നിലയിൽ വല്ല ആചാരത്താലോ, നടപ്പിനാലോ ഏതെങ്കിലും ആൾ ഭരിക്കപ്പെടുമായിരുന്നില്ലെന്ന് തെളിയിക്കപ്പെടാത്ത പക്ഷം, മതംകൊണ്ട് മുസ്ലീമോ, ക്രിസ്ത്യാനിയോ, പാഴ്സിയോ, ജൂതനോ അല്ലാതെ, ഈ ആക്റ്റ് വ്യാപിക്കുന്ന പ്രദേശങ്ങളിൽ സ്ഥിരതാമസക്കാരനായ അപ്രകാരമുള്ള മറ്റേതൊരാൾക്കും, ബാധകമാണ്.

<u>വിശദീകരണം</u>:—താഴെ പറയുന്ന ആളുകൾ സന്ദർഭാനുസരണം, ഹിന്ദുമതത്തിലോ, ബുദ്ധമതത്തിലോ, ജൈനമതത്തിലോ, സിക്കുമതത്തിലോ, ഉൾപ്പെട്ടവരാകുന്നു:—

(എ) മാതാപിതാക്കൾ ഇരുവരും ഹിന്ദുക്കളോ, ബുദ്ധമതക്കാരോ, ജൈനമതക്കാരോ, സിക്കുമതക്കാരോ ആയിട്ടുള്ള ഔരസമോ അനൗരസമോ ആയ ഏതെങ്കിലും സന്താനം;

(ബി) മാതാപിതാക്കളിൽ ഒരാൾ ഹിന്ദുവോ, ബുദ്ധമതക്കാരനോ, ജൈനനോ, സിക്കോ ആയിട്ടുള്ളതും, ആ ആൾ ഉൾപ്പെട്ടിരിക്കുന്നതോ ഉൾപ്പെട്ടിരുന്നതോ ആയ വർഗ്ഗത്തിലെയോ, സമുദായത്തിലെയോ, സംഘത്തിലെയോ, കുടുംബത്തിലെയോ ഒരംഗമായി വളർത്തപ്പെട്ടിട്ടുള്ളതുമായ ഔരസമോ അനൗരസമോ ആയ ഏതെങ്കിലും സന്താനം;

(സി) ഹിന്ദുമതത്തിലേയ്ക്കോ, ബുദ്ധമതത്തിലേയ്ക്കോ, ജൈനമതത്തിലേയ്ക്കോ, സിക്കുമതത്തിലേയ്ക്കോ, മതംമാറുകയോ വീണ്ടും മതപരിവർത്തനം ചെയ്യുകയോ ചെയ്ത ഏതെങ്കിലും ആൾ.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലുള്ള യാതൊന്നും, ഔദ്യോഗിക ഗസറ്റിൽ പരസ്യംമൂലം കേന്ദ്ര ഗവണ്മെന്റ് മറ്റുപ്രകാരം നിർദ്ദേശിക്കാത്ത പക്ഷം, ഭരണഘടന, 366-ാം വകുപ്പ് (25)-ാം ഖണ്ഡത്തിന്റെ അർത്ഥപരിധിയിൽപ്പെടുന്ന ഏതെങ്കിലും പട്ടികവർഗ്ഗത്തിലെ അംഗങ്ങൾക്ക് ബാധകമാകുന്നതല്ല.

(3) ഈ ആക്റ്റിൽ ഏതെങ്കിലും ഭാഗത്തുള്ള 'ഹിന്ദു' എന്ന പദത്തെ, മതംകൊണ്ട് ഹിന്ദുവല്ലെന്നിരിക്കിലുംകൂടി ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾമൂലം ഈ ആക്റ്റ് സംബന്ധിക്കുന്ന ഒരാൾ അതിൽ ഉൾപ്പെട്ടിരുന്നാലെന്നപോലെ വ്യാഖ്യാനിക്കേണ്ടതാകുന്നു.

3. <u>നിർവചനങ്ങൾ</u>:—ഈ ആക്റ്റിൽ, സന്ദർഭം മറ്റുപ്രകാരം ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആചാരം" എന്നും "നടപ്പ്" എന്നുമുള്ള പദങ്ങൾക്ക്, ഇടർച്ചയായും ഏകരീതിയിലും വളരെക്കാലമായി അനുസരിച്ചുപോന്നിട്ടുള്ളതിനാൽ വല്ല തദ്ദേശപ്രദേശത്തിലോ, വർഗ്ഗത്തിലോ, സമുദായത്തിലോ, സംഘത്തിലോ, കുടുംബത്തിലോ ഉള്ള ഹിന്ദുക്കളുടെ ഇടയിൽ നിയമപ്രാബല്യം സിദ്ധിച്ചിട്ടുള്ള വല്ല ചട്ടവും എന്നർത്ഥമാകുന്നു.

എന്നാൽ ആ ചട്ടം നിശ്ചിതവും, ന്യായരഹിതമോ പൊതുനയത്തിനു വിരുദ്ധമോ അല്ലാത്തതുമായിരിക്കണം:

എന്നു മാത്രമല്ല; ഒരു കുടുംബത്തെമാത്രം സംബന്ധിക്കുന്ന ചട്ടത്തിന്റെ സംഗതിയിൽ, ആ കുടുംബം അതു നിറുത്തൽ ചെയ്തിട്ടില്ലാതിരിക്കണം;

(ബി) "ഡിസ്ട്രിക്റ്റ് കോടതി" എന്നാൽ, സിററി സിവിൽ കോടതിയുള്ള ഏതെങ്കിലും സ്ഥലത്ത് ആ കോടതിയെന്നും, മറെറതെങ്കിലും സ്ഥലത്താണെങ്കിൽ ആദ്യവിചാരണാധികാരമുള്ള പ്രിൻസിപ്പൽ സിവിൽ കോടതിയെന്നും അർത്ഥമാകുന്നതും, അതിൽ, ഈ ആക്റ്റിൽ പറയുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, വിചാരണാധികാരമുണ്ടെന്ന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംമൂലം, സ്റ്റേററ് ഗവൺമെൻറ് നിർദ്ദേശിക്കാവുന്ന മറെറതു സിവിൽക്കോടതിയും ഉൾപ്പെടുന്നതുമാകുന്നു;

(സി) "പൂർണ്ണരക്തബന്ധം" "അർദ്ധരക്തബന്ധം"—രണ്ടുപേർ ഒരു പൊതുപൂർവ്വികനിൽനിന്ന് ഒരേ ഭാര്യ വഴിക്കുള്ള സന്താനികളായിരുന്നാൽ അവർ അന്യോന്യം പൂർണ്ണരക്തത്താൽ ബന്ധപ്പെട്ടവരെന്നും, ഒരു പൊതു പൂർവ്വികനിൽനിന്ന്, എന്നാൽ വ്യത്യസ്ത ഭാര്യമാർ വഴിക്കുള്ള സന്തതികളായിരുന്നാൽ അവർ അന്യോന്യം അർദ്ധരക്തത്താൽ ബന്ധപ്പെട്ടവരെന്നും പറയപ്പെടുന്നു;

(ഡി) "ഏകോദരസംബന്ധമായ രക്തബന്ധം"—രണ്ടുപേർ ഒരു പൊതുപൂർവ്വികയിൽനിന്ന്, എന്നാൽ വ്യത്യസ്ത ഭർത്താക്കന്മാർ വഴിക്ക് ഉള്ള സന്തതികളായിരുന്നാൽ, അവർ അന്യോന്യം ഏകോദരസംബന്ധമായ രക്തത്താൽ ബന്ധപ്പെട്ടവരാണെന്നു പറയപ്പെടുന്നു.

വിശദീകരണം:—(സി), (ഡി) എന്നീ ഖണ്ഡങ്ങളിൽ, "പൂർവ്വികൻ" എന്നതിൽ അച്ഛനും, "പൂർവ്വിക" എന്നതിൽ അമ്മയും ഉൾപ്പെടുന്നു.

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നതിന്, ഈ ആക്റ്റിൻപ്രകാരമുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(എഫ്) (i) "സപിണ്ഡചാർച്ച" എന്നത് ഏതൊരാളെയും സംബന്ധിച്ച് അമ്മ വഴിയായി മേല്പോട്ടുള്ള വംശവഴിയിൽ മൂന്നാംതലമുറ (ഉൾപ്പെടെ) വരെയും, അച്ഛൻവഴിയായി മേല്പോട്ടുള്ള വംശവഴിയിൽ അഞ്ചാംതലമുറ (ഉൾപ്പെടെ) വരെയും നീണ്ടുനിൽക്കുന്നതും, വംശവഴി ഓരോ സംഗതിയിലും, സംബന്ധപ്പെട്ട ആളിൽനിന്ന് മേല്പോട്ടു കണക്കാക്കേണ്ടതും, സംബന്ധപ്പെട്ട ആളെ ഒന്നാംതലമുറയായി എണ്ണേണ്ടതുമാകുന്നു;

(ii) രണ്ടാളുകളിൽ ഒരാൾ "സപിണ്ഡ" ചാർച്ചയുടെ പരിധികൾക്കുള്ളിൽ മറേറയാളുടെ മേല്പോട്ടുള്ള വംശപരമ്പരയിലെ ആളായിരിക്കുകയോ, അവരിൽ ഓരോരുത്തരെയും സംബന്ധിച്ചിടത്തോളം അവർക്ക് "സപിണ്ഡ" ചാർച്ചയുടെ പരിധികൾക്കുള്ളിൽ മേല്പോട്ടുള്ള വംശപരമ്പരയിൽ പൊതുവായ ഒരാൾ ഉണ്ടായിരിക്കുകയോ ചെയ്താൽ, അവർ അന്യോന്യം "സപിണ്ഡ"രാണെന്നു പറയപ്പെടുന്നു;

(ജി) "വിലക്കപ്പെട്ട ചാർച്ചമുറകൾ"— രണ്ടാളുകളിൽ—

(i) ഒരാൾ മറേറയാളിന്റെ മേല്പോട്ടുള്ള വംശവഴിയിലെ ആളായിരിക്കുകയോ;

(ii) ഒരാൾ മറേറ ആളിന്റെ മേല്പോട്ടോ കീഴ്പ്പോട്ടോ ഉള്ള വംശവഴിയിലെ ഒരാളിന്റെ ഭാര്യയോ ഭർത്താവോ ആയിരുന്നിരിക്കുകയോ;

(iii) ഒരാൾ മറേറ ആളിന്റെ സഹോദരന്റെയോ അല്ലെങ്കിൽ അച്ഛന്റെയോ, അമ്മയുടെയോ, സഹോദരന്റെയോ അല്ലെങ്കിൽ അപ്പൂപ്പന്റെയോ, അമ്മൂമ്മയുടെയോ, സഹോദരന്റെയോ ഭാര്യയായിരുന്നിരിക്കുകയോ;

(iv) രണ്ടുപേരും സഹോദരനും സഹോദരിയുമോ അച്ഛന്റെയോ അമ്മയുടെയോ, സഹോദരനും മരുമകളുമോ, അല്ലെങ്കിൽ അച്ഛന്റെയോ അമ്മയുടെയോ സഹോദരിയും മരുമകനുമോ, അല്ലെങ്കിൽ സഹോദരന്റെയും സഹോദരിയുടെയുമോ, രണ്ടു സഹോദരന്മാരുടെയോ, രണ്ടു സഹോദരിമാരുടെയോ കുട്ടികളോ ആയിരിക്കയോ ചെയ്യുന്നതായാൽ, അവർ "വിലക്കപ്പെട്ട ചാർച്ചമുറകളിൽ" പെടുന്നവരാണെന്നു പറയപ്പെടുന്നു;

വിവരണം:— (എഫ്), (ജി) എന്നീ ഖണ്ഡങ്ങളുടെ ആവശ്യങ്ങൾക്കായി, ചാർച്ച എന്നതിൽ—

(i) പൂർണ്ണരക്തബന്ധമെന്നതുപോലെതന്നെ അർദ്ധരക്തബന്ധമോ, ഏകോദരസംബന്ധമായ രക്തബന്ധമോ കൊണ്ടുള്ള ബന്ധവും;

(ii) നിയമാനുസൃതമെന്നതുപോലെ നിയമാനുസൃതമല്ലാത്ത രക്തബന്ധവും;

(iii) രക്തസംബന്ധത്താലെന്നതുപോലെ ദത്തെടുപ്പിനാലുള്ള ബന്ധവും ഉൾപ്പെടുന്നതും, ആ ഖണ്ഡങ്ങളിൽ ചാർച്ചയെ കുറിക്കുന്ന എല്ലാ പദങ്ങളും അപ്രകാരം വ്യാഖ്യാനിക്കപ്പെടേണ്ടതുമാകുന്നു.

4. അസാധുവാക്കുന്ന കാര്യത്തിൽ ഈ ആക്റ്റിന്റെ ശക്തി:— ഈ ആക്റ്റിൽ മറുപ്രകാരം വ്യക്തമായി വ്യവസ്ഥ ചെയ്തിരുന്നാലൊഴികെ—

(എ) ഹിന്ദുനിയമത്തിന്റെ ഏതെങ്കിലും മൂലഗ്രന്ഥത്തിനോ, ചട്ടത്തിനോ, വ്യാഖ്യാനത്തിനോ ആകട്ടെ, അല്ലെങ്കിൽ ഈ ആക്റ്റ് നടപ്പാകുന്നതിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന ആ നിയമത്തിന്റെ ഭാഗമെന്ന നിലയിലുള്ള ഏതെങ്കിലും ആചാരത്തിനോ നടപ്പിനോ ആകട്ടെ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ചിടത്തോളം പ്രാബല്യമില്ലാതായിത്തീരുന്നതാണ്;

(ബി) ഈ ആക്റ്റ് നടപ്പാകുന്നതിന് തൊട്ടുമുമ്പ് ഉജ്ജീവിതത്തിലിരുന്ന മറ്റേതെങ്കിലും നിയമത്തിന്, അത് ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വ്യവസ്ഥയ്ക്ക് വിരുദ്ധമായിരിക്കുന്നിടത്തോളം പ്രാബല്യമില്ലാതായിത്തീരുന്നതാണ്.

ഹിന്ദു വിവാഹങ്ങൾ.

5. ഹിന്ദുവിവാഹത്തിന് ആവശ്യകമായ വ്യവസ്ഥകൾ:— താഴെ പറയുന്ന നിശ്ചയങ്ങൾ നിറവേറിയാൽ ഏതെങ്കിലും രണ്ടു ഹിന്ദുക്കൾ തമ്മിലുള്ള വിവാഹം നടത്താവുന്നതാണ്, അതായത്:—

(i) വിവാഹസമയത്ത് ഇരുകക്ഷികളിൽ ആർക്കുംതന്നെ ജീവിച്ചിരിപ്പുള്ള ഭർത്താവോ ഭാര്യയോ ഉണ്ടായിരിക്കരുത്.

(ii) വിവാഹസമയത്ത് ഇരുകക്ഷികളിൽ ആരും ബുദ്ധിശൂന്യതയോ ഭ്രാന്തോ ഉള്ള ആൾ ആയിരിക്കരുത്;

(iii) വിവാഹസമയത്ത് വരന് പതിനെട്ടു വയസ്സും, വധുവിന് പതിനഞ്ചു വയസ്സും പൂർത്തിയായിരിക്കണം;

(iv) ഇരുകക്ഷികളിൽ ഓരോരുത്തർക്കും ബാധകമായ ആചാരമോ നടപ്പോ അവർ തമ്മിലുള്ള വിവാഹം അനുവദിക്കുന്നെങ്കിലല്ലാതെ, അവർ വിലക്കപ്പെട്ട ചാർച്ച മുറകളിൽപ്പെട്ടവരായിരിക്കരുത്

(v) ഇരുകക്ഷികളിൽ ഓരോരുത്തർക്കും ബാധകമായ ആചാരമോ നടപ്പോ അവർ തമ്മിലുള്ള വിവാഹം അനുവദിക്കുന്നില്ലെങ്കിലല്ലാതെ, അവർ പരസ്പരം സപിണ്ഡരായിരിക്കരുത്;

(vi) വധുവിന് പതിനെട്ടു വയസ്സ് പൂർത്തിയായിട്ടില്ലാത്തപക്ഷം, വിവാഹകാര്യത്തിന് അവൾക്ക് രക്ഷിതാവായാരെങ്കിലുമുണ്ടെങ്കിൽ, ആളുടെ സമ്മതം വിവാഹത്തിനു വാങ്ങിയിരിക്കണം.

6. <u>വിവാഹകാര്യത്തിൽ രക്ഷാകർതൃത്വം</u>—(1) ഈ ആക്റ്റ് അനുസരിച്ച് വധുവിന്റെ വിവാഹകാര്യങ്ങളിൽ രക്ഷിതാവായ ആളിന്റെ സമ്മതം ആവശ്യമുള്ളപ്പോഴെല്ലാം, അങ്ങനെ സമ്മതം നൽകുന്നതിനവകാശമുള്ള ആളുകൾ, ചുവടെ പറഞ്ഞിട്ടുള്ള ക്രമത്തിൽ ഉള്ളവരായിരിക്കേണ്ടതാണ്, അതായത്:—

(എ) അച്ഛൻ;
(ബി) അമ്മ;
(സി) പിതാമഹൻ;
(ഡി) പിതാമഹി;

(ഇ) പൂർണ്ണരക്തബന്ധമുള്ള സഹോദരൻ, സഹോദരന്മാർ തമ്മിൽ മൂത്ത ആൾക്ക് മുൻഗണന നൽകുന്നു;

(എഫ്) അർദ്ധരക്തബന്ധമുള്ള സഹോദരൻ, അർദ്ധരക്തബന്ധമുള്ള സഹോദരന്മാർ തമ്മിൽ മൂത്തയാൾക്ക് മുൻഗണന നൽകുന്നു;

എന്നാൽ വധു അയാളുടെ കൂടെ താമസിക്കുകയും, അയാളാൽ വളർത്തപ്പെടുകയും ചെയ്യണം;

(ജി) പൂർണ്ണരക്തബന്ധമുള്ള പിതൃസഹോദരൻ, പിതൃസഹോദരന്മാർ തമ്മിൽ മൂത്തയാൾക്ക് മുൻഗണന നൽകുന്നു;

(എച്ച്) അർദ്ധരക്തബന്ധമുള്ള പിതൃസഹോദരൻ, അർദ്ധരക്തബന്ധമുള്ള പിതൃസഹോദരന്മാർ തമ്മിൽ മൂത്തയാൾക്ക് മുൻഗണന നൽകുന്നു;

എന്നാൽ, വധു അയാളുടെ കൂടെ താമസിക്കുകയും, അയാളാൽ വളർത്തപ്പെടുകയും ചെയ്യണം;

(ഐ) മാതാമഹൻ;
(ജെ) മാതാമഹി;

(കെ) പൂർണ്ണരക്തബന്ധമുള്ള മാതൃസഹോദരൻ, മാതൃസഹോദരന്മാർ തമ്മിൽ മൂത്തയാൾക്ക് മുൻഗണന നൽകുന്നു;

എന്നാൽ വധു അയാളുടെകൂടെ താമസിക്കുകയും അയാളാൽ വളർത്തപ്പെടുകയും, ചെയ്യണം.

(2) ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് വിവാഹകാര്യത്തിൽ രക്ഷിതാവായി പ്രവർത്തിക്കാൻ യാതൊരാൾക്കും, അയാൾക്കോ അവൾക്കോ ഇരുപത്തിയൊന്നു വയസ്സ് പൂർത്തിയായിട്ടില്ലാത്തപക്ഷം, അവകാശമുണ്ടായിരിക്കുന്നതല്ല.

(3) മേല്പറഞ്ഞ വ്യവസ്ഥകളനുസരിച്ച് വിവാഹകാര്യത്തിൽ രക്ഷിതാവായിരിപ്പാൻ അവകാശമുള്ള വല്ല ആളും അങ്ങനെ ചെയ്യാൻ നിരസിക്കുകയാകട്ടെ, അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ, അപ്രകാരം

പ്രവർത്തിപ്പാൻ ന്യായാലയങ്ങൾക്ക്, അപ്രാപ്തിയോ അയോഗ്യതയോ ഉണ്ടാകുകയാകട്ടെ ചെയ്യാൽ, ക്രമപ്രകാരം ഏററവും അടുത്ത ആൾക്ക് രക്ഷിതാവായിരിപ്പാൻ അവകാശമുണ്ടായിരിക്കും.

(4) (1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആളുടെ അഭാവത്തിൽ, ഈ ആക്ടനുസരിച്ചുള്ള വിവാഹത്തിന്, രക്ഷിതാവിന്റെ സമ്മതം ആവശ്യമില്ലാത്തതാകുന്നു.

(5) ഉദ്ദിഷ്ടവിവാഹം നിരോധനാജ്ഞമൂലം വിലക്കുന്നത്, ഏതു വധുവിന്റെ വിവാഹത്തിനാണോ സമ്മതം ആവശ്യമുള്ളത് ആ വധുവിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ആവശ്യമെന്ന് കോടതി കരുതുന്ന പക്ഷം, ഈ ആക്ടിലുള്ള യാതൊന്നും തന്നെ ആ കോടതിയുടെ ആ അധികാരത്തെ ബാധിക്കുന്നതല്ല.

7. ഹിന്ദുവിവാഹത്തിനുള്ള ചടങ്ങുകൾ:—(1) ഹിന്ദുവിവാഹം, അതിലെ ഇരുകക്ഷികളിൽ ആരെയെങ്കിലും സംബന്ധിക്കുന്ന ആചാരപ്രകാരമുള്ള സംസ്കാരങ്ങളും, ചട്ടങ്ങളുമനുസരിച്ച് നടത്താവുന്നതാണ്.

(2) അപ്രകാരമുള്ള സംസ്കാരങ്ങളിലും, ചടങ്ങുകളിലും സപ്തപദി (അതായത്, വരനും വധുവും കൂടി ഒരുമിച്ച് പരിശുദ്ധാഗ്നിയുടെ മുമ്പിൽ ഏഴടി വയ്ക്കുക എന്ന ക്രിയ) ഉൾപ്പെടുന്നപക്ഷം ഏഴാമത്തെ അടി വയ്ക്കുമ്പോൾ വിവാഹം പൂർണ്ണവും ബാധകവും ആയിത്തീരുന്നു.

8. ഹിന്ദുവിവാഹങ്ങളുടെ രജിസ്ട്രേഷൻ:—(1) ഹിന്ദുവിവാഹങ്ങൾ സംബന്ധിച്ചുള്ള തെളിവ് സുകരമാക്കുന്നതിനായി, അപ്രകാരമുള്ള ഏതെങ്കിലും വിവാഹത്തിലെ കക്ഷികൾക്ക് അവരുടെ വിവാഹം സംബന്ധിച്ച വിവരങ്ങൾ, അതിലേയ്ക്കു സൂക്ഷിക്കപ്പെട്ടിട്ടുള്ള ഹിന്ദു വിവാഹരജിസ്റ്ററിൽ, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും, ഉപാധികൾക്ക് വിധേയമായും, എഴുതിച്ചേർക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാനഗവൺമെന്റിന് അപ്രകാരം ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ അഭിപ്രായമുള്ളപക്ഷം, (1)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ എഴുതിച്ചേർക്കുന്നത്, ആ സംസ്ഥാനത്തിലോ അതിന്റെ ഏതെങ്കിലും ഭാഗത്തോ, എല്ലാം സന്ദർഭങ്ങളിലുമോ, നിർദ്ദിഷ്ടമാകാവുന്ന സന്ദർഭങ്ങളിലോ നിർബന്ധമായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതും, അപ്രകാരമുള്ള വല്ല നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ഇതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടം ലംഘിക്കുന്ന ഏതൊരാളും ഇരുപത്തിഅഞ്ച് ഉറുപ്പികയോളം വരാവുന്ന പിഴശിക്ഷ കല്പിക്കേണ്ടതുമാകുന്നു.

(3) ഈ വകുപ്പനുസരിച്ച് ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളെല്ലാം അവ ഉണ്ടാക്കിക്കഴിഞ്ഞാൽ കഴിവതും വേഗം സംസ്ഥാനനിയമസഭാ സമക്ഷം വയ്ക്കേണ്ടതാണ്.

(4) ഹിന്ദുവിവാഹരജിസ്റ്റർ, ന്യായമായ എല്ലാ സമയങ്ങളിലും പരിശോധനയ്ക്കു വിധേയമായിരിക്കേണ്ടതും, അത് അതിലടങ്ങിയിട്ടുള്ള പ്രസ്താവനകളുടെ തെളിവായി സ്വീകരിക്കേണ്ടതും, അതിൽനിന്നും ഉദ്ധൃതമായ, സാക്ഷ്യപ്പെടുത്തിയ, ഭാഗങ്ങൾ നിർദ്ദിഷ്ടമായ ഫീസ് കിട്ടിയാൽ, രജിസ്ട്രാർ, അപേക്ഷപ്രകാരം, നൽകേണ്ടതുമാകുന്നു.

(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എഴുതിച്ചേർക്കാൻ വിട്ടുപോയി എന്ന കാരണത്താൽ, ഏതെങ്കിലും ഹിന്ദുവിവാഹത്തിന്റെ സാധുത, യാതൊരുവിധത്തിലും, ബാധിക്കപ്പെടുകയില്ല.

ദാമ്പത്യാവകാശങ്ങൾ വീണ്ടും നടപ്പാക്കുന്നതും ജുഡീഷ്യൽ വേർപാടും.

9. ദാമ്പത്യാവകാശങ്ങൾ വീണ്ടും നടപ്പാക്കുന്നത്:—(1) ന്യായമായ ഒഴികഴിവു കൂടാതെ ഭർത്താവോ ഭാര്യയോ, മറ്റേ ആളുടെ സഹവാസം വിട്ടുമാറിയാൽ സങ്കടം അനുഭവിക്കുന്ന കക്ഷിക്ക് ദാമ്പത്യാവകാശങ്ങൾ വീണ്ടും നടപ്പാക്കി കിട്ടുന്നതിന് ഹർജിമൂലം ഡിസ്ട്രിക്റ്റ് കോടതിയിൽ അപേക്ഷിക്കാവുന്നതും, കോടതിക്ക് ആ ഹർജിയിൽ ചെയ്ത പ്രസ്താവനകൾ വാസ്തവമാണെന്നും, അപേക്ഷ അനുവദിക്കാതിരിപ്പാൻ നിയമപരമായ യാതൊരു കാരണവുമില്ലെന്നും ബോദ്ധ്യമായാൽ, അപ്രകാരം ദാമ്പത്യാവകാശങ്ങൾ വീണ്ടും നടപ്പാക്കുന്നതിന് വിധിക്കാവുന്നതുമാണ്.

(2) ദാമ്പത്യാവകാശങ്ങൾ വീണ്ടും നടപ്പാക്കികിട്ടുന്നതിനുള്ള ഹർജിക്ക്, ജുഡീഷ്യൽ വേർപാടിനോ, വിവാഹത്തിന്റെ അസാധുത്വത്തിനോ, വിവാഹമോചനത്തിനോ കാരണമായിത്തീരാവുന്ന യാതൊന്നും തന്നെ സമാധാനമെന്ന നിലയിൽ വാദിക്കുവാൻ പാടില്ലാത്തതാണ്.

10. ജുഡീഷ്യൽ വേർപാട്.—(1) ഈ ആക്റ്റ് നടപ്പായി വന്നതിനു മുൻപോ പിൻപോ നടത്തപ്പെട്ട വിവാഹത്തിലെ ഇരുകക്ഷികളിൽ ആരെങ്കിലും ജുഡീഷ്യൽ വേർപാടിനുള്ള ഡിക്രിക്ക് അപേക്ഷിച്ചുകൊണ്ട് ഡിസ്ട്രിക്റ്റ് കോടതിയിൽ ചെയ്ത ഒരു ഹർജി—

(എ) ആ ഹർജി ബോധിപ്പിക്കുന്നതിന് തൊട്ടുമുൻപ് രണ്ടു വർഷത്തിൽ കുറയാത്ത തുടർച്ചയായ കാലത്തേയ്ക്ക് മറുകക്ഷി, ഹർജിക്കക്ഷിയെ ഉപേക്ഷിച്ചിരിക്കുന്നുവെന്നോ;

(ബി) മറുകക്ഷിയുടെ കൂടെ താമസിക്കുന്നത് ഹർജിക്കക്ഷിക്ക് അപായകരമോ ഹാനികരമോ ആകുമെന്ന് ഹർജിക്കക്ഷിയുടെ മനസ്സിൽ ന്യായമായ ആശങ്ക ജനിപ്പിക്കത്തക്കവണ്ണം ക്രൂരതയോടെ ആ മറുകക്ഷി ഹർജിക്കക്ഷിയോട് പെരുമാറിയിരിക്കുന്നുവെന്നോ;

(സി) ഹർജി കൊടുക്കുന്നതിന് തൊട്ടുമുൻപ് ഒരു വർഷത്തിൽ കുറയാത്ത കാലമായി മറുകക്ഷിക്ക് അത്യുഗ്രമായ കുഷ്ഠരോഗം ബാധിച്ചിരിക്കയാണെന്നോ;

(ഡി) ഹർജി കൊടുക്കുന്നതിനു തൊട്ടുമുൻപ് മറുകക്ഷിക്ക് പകരുന്ന രൂപത്തിലുള്ളതും ഹർജിക്കക്ഷിയിൽനിന്നു പകർന്നതല്ലാത്തതും ആയ ഗുഹ്യരോഗം ബാധിച്ചിരുന്നുവെന്നോ;

(ഇ) ഹർജി കൊടുക്കുന്നതിന് തൊട്ടുമുൻപ് രണ്ടു വർഷത്തിൽ കുറയാത്ത കാലം മറുകക്ഷിക്ക് തുടർച്ചയായി ചിത്തഭ്രമം ഉണ്ടായിരുന്നുവെന്നോ;

(എഫ്) വിവാഹം നടത്തിയതിനുശേഷവും മറുകക്ഷി അയാളുടെയോ, അവളുടെയോ ഭാര്യയോ ഭർത്താവോ അല്ലാത്ത ഏതെങ്കിലും ആളുമായി ലൈംഗിക സംയോഗം നടത്തിയിരുന്നുവെന്നോ, ഉള്ള കാരണത്തിന്മേൽ ബോധിപ്പിക്കാവുന്നതാണ്.

വിശദീകരണം:— ഈ വകുപ്പിൽ "ഉപേക്ഷിക്കൽ" എന്ന പദത്തിന്, അതിന്റെ വ്യാകരണസംബന്ധമായ വ്യതിയാനങ്ങളോടും തുല്യപദങ്ങളോടുംകൂടി, വിവാഹത്തിലുള്ള മറുകക്ഷി, ഹർജിക്കക്ഷിയെ ന്യായമായ കാരണം കൂടാതെയും, ആ കക്ഷിയുടെ സമ്മതംകൂടാതെയും അല്ലെങ്കിൽ ആഗ്രഹത്തിനെതിരായും ഉപേക്ഷിക്കുക എന്നർത്ഥമാകുന്നതും, അതിൽ വിവാഹത്തിലെ മറുകക്ഷി ഹർജിക്കക്ഷിയെ മനഃപൂർവ്വം ഉപേക്ഷിക്കുന്നതു് ഉൾപ്പെടുന്നതുമാണ്.

(2) ജുഡീഷ്യൽ വേർപാടിനു ഡിക്രി പാസ്സാക്കിട്ടുണ്ടെങ്കിൽ, പ്രതിയുമായി സംയോഗം നടത്തുവാൻ ഹർജിക്കക്ഷിക്കു് മേലിലും ബാധ്യതയില്ലാത്തതും, എന്നാൽ കോടതിക്കു്, ഇരുകക്ഷികളിൽ ആരുടെയെങ്കിലും ഹർജിമൂലമുള്ള അപേക്ഷയിന്മേലും, ആ ഹർജിയിൽ കൊടുത്തിട്ടുള്ള പ്രസ്താവനകളുടെ വാസ്തവം ബോദ്ധ്യപ്പെട്ടതിനുശേഷവും, ന്യായമെന്നും യുക്തമെന്നും തോന്നുന്നപക്ഷം, ഡിക്രി റദ്ദാക്കാവുന്നതുമാകുന്നു.

വിവാഹത്തിന്റെ അസാധുതാവും വിവാഹമോചനവും.

11. അസാധുവായ വിവാഹങ്ങൾ:— ഈ ആക്ട് നടപ്പായതിനുശേഷം നടത്തിയ ഏതു വിവാഹവും നിഷ്ഫലവും അസാധുവുമായിരിക്കുന്നതും, 5-ാം വകുപ്പ്, (1), (4), (5) എന്നീ ഖണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള ഉപാധികളിൽ ഏതെങ്കിലും, ആ വിവാഹത്തിലെ ഇരുകക്ഷികളിൽ ആരെങ്കിലും ലംഘിക്കുന്നപക്ഷം, ആ ഇരുകക്ഷികളിൽ ആരെങ്കിലും ബോധിപ്പിക്കുന്ന ഹർജിയിന്മേൽ, അസാധുതാം വിധിക്കുന്ന ഡിക്രിമുഖേന അപ്രകാരം പ്രഖ്യാപിക്കാവുന്നതുമാകുന്നു.

12. അസാധുവാക്കത്തക്ക വിവാഹങ്ങൾ:— (1) ഈ ആക്ട് നടപ്പിലായി വന്നതിനു മുൻപോ പിൻപോ നടത്തപ്പെട്ട ഏതു വിവാഹവും അസാധുവാക്കത്തക്കതും, താഴെ പറയുന്ന ഏതെങ്കിലും കാരണംകൊണ്ടു്, അസാധുതാം വിധിക്കുന്ന ഡിക്രിമുഖേന, അതു റദ്ദാക്കാവുന്നതുമാകുന്നു, അതായതു്:—

(എ) അപ്പീൽ പ്രതി വിവാഹസമയത്തു ധാതുബലമില്ലാത്ത ആളായിരിക്കയും, നടപടി ആരംഭിക്കുന്നതുവരേയ്ക്കും ആ നിലയിൽത്തന്നെ തുടർന്നുപോരുകയും ചെയ്തിരിക്കുക; അല്ലെങ്കിൽ

(ബി) വിവാഹം, 5-ാം വകുപ്പ് (2)-ാം ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ള വ്യവസ്ഥയ്ക്കു് വിരുദ്ധമായിരിക്കുക; അല്ലെങ്കിൽ

(സി) ഹർജിക്കക്ഷിയുടെ സമ്മതമോ, 5-ാം വകുപ്പുപ്രകാരം, ആ ആളുടെ വിവാഹത്തിലെ രക്ഷിതാവിന്റെ സമ്മതം ആവശ്യമാണെങ്കിൽ ആ രക്ഷിതാവിന്റെ സമ്മതമോ, ലഭിച്ചിരുന്നതു്, ബലമോ ചതിയോ പ്രയോഗിച്ചായിരിക്കുക; അല്ലെങ്കിൽ

(ഡി) വിവാഹസമയത്തു പ്രതിക്കു്, ഹർജിക്കാരനല്ലാതെ വേറെ ഏതെങ്കിലും ആൾമൂലം ഗർഭം ധരിച്ചിരിക്കുക.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും—

(എ) (1)-ാം ഉപവകുപ്പ് (സി) ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ള കാരണത്തിന്മേൽ, വിവാഹം അസാധുവാക്കാനുള്ള യാതൊരു ഹർജിയും,

(i) ആ ബലപ്രയോഗം ഇല്ലാതായതിനോ, അഥവാ സന്ദർഭംപോലെ ആ ചതിപ്രയോഗം കണ്ടുപിടിച്ചതിനോ ശേഷം ഒന്നിലധികം സംവത്സരം കഴിഞ്ഞതിന്ശേഷം ആ ഹർജി ഹാജരാക്കിട്ടുള്ളതാണെങ്കിലോ, അഥവാ,

(ii) ഹർജിക്കക്ഷി, ബലപ്രയോഗം ഇല്ലാതാകുകയോ, അഥവാ സന്ദർഭംപോലെ, ചതിപ്രയോഗം കണ്ടുപിടിക്കപ്പെടുകയോ ചെയ്തതിനു ശേഷം അയാളുടെയോ അവളുടെയോ പൂർണ്ണസമ്മതത്തോടുകൂടി വിവാഹത്തിലെ മറുകക്ഷിയുമൊന്നിച്ചു ഭർത്താവായോ, ഭാര്യയായോ താമസിച്ചിട്ടുണ്ടെങ്കിലോ, സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു, മാത്രമല്ല,

(ബി) കോടതിക്ക്:—

(i) ആരോപിക്കപ്പെട്ട വസ്തുതകളെപ്പറ്റി വിവാഹസമയത്ത് ഹർജിക്കക്ഷിക്ക് അറിവില്ലായിരുന്നുവെന്നും;

(ii) ഈ ആക്റ്റ് നടപ്പിലാകുന്നതിനുമുമ്പു നടത്തപ്പെട്ട വിവാഹങ്ങളുടെ കാര്യത്തിൽ അപ്രകാരം നടപ്പിലായതിനുശേഷം ഒരു സംവത്സരത്തിനുള്ളിലും, ആക്റ്റ് നടപ്പിലായതിനുശേഷം നടത്തപ്പെട്ട വിവാഹങ്ങളുടെ കാര്യത്തിൽ, വിവാഹ തീയതിമുതൽ ഒരു സംവത്സരത്തിനുള്ളിലും നടപടികൾ ആരംഭിച്ചിരുന്നുവെന്നും;

(iii) ഡിക്രിക്കുള്ള കാരണങ്ങൾ നിലവിലുണ്ടെന്ന് ഹർജിക്കക്ഷി കണ്ടുപിടിച്ചതിനുശേഷം, ഹർജിക്കക്ഷിയുടെ സമ്മതത്തോടുകൂടി ദാമ്പത്യസംയോഗം ഉണ്ടായിട്ടില്ലെന്നും, ബോദ്ധ്യമാകാത്തപക്ഷം (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ള കാരണത്തിന്മേൽ വിവാഹം അസാധുവാക്കാനുള്ള യാതൊരു ഹർജിയും സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

13. വിവാഹമോചനം:—(1) ഈ ആക്റ്റ് നടപ്പായി വന്നതിനു മുമ്പോ പിമ്പോ നടത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവാഹം, ഭർത്താവോ ഭാര്യയോ ബോധിപ്പിക്കുന്ന ഹർജിയന്മേൽ, മറുകക്ഷി—

(i) വ്യഭിചരിച്ചാണ് ജീവിക്കുന്നതെന്നോ;

(ii) അന്യമതത്തിലേക്കു പരിവർത്തനം ചെയ്ത് ഒരു ഹിന്ദുവല്ലാതായിത്തീർന്നിരിക്കുന്നുവെന്നോ;

(iii) ഹർജി ബോധിപ്പിക്കുന്നതിനു തൊട്ടുമുമ്പു മൂന്നുവർഷത്തിൽ കുറയാത്ത തുടർച്ചയായ കാലത്തേക്ക്, മാറാത്ത ചിത്തഭ്രമം പിടിപെട്ട ആളായിരുന്നുവെന്നോ;

(iv) ഹർജി ബോധിപ്പിക്കുന്നതിനു തൊട്ടുമുൻപു മൂന്നുവർഷത്തിൽ കുറയാത്ത കാലത്തേക്ക്, അത്യുഗ്രമായതും മാറാത്തതുമായ തരത്തിലുള്ള കുഷ്ഠരോഗം ബാധിച്ച ആളായിരുന്നുവെന്നോ;

(v) ഹർജി ബോധിപ്പിക്കുന്നതിനു തൊട്ടുമുൻപു മൂന്നുവർഷത്തിൽ കുറയാത്ത കാലത്തേക്ക്, പകരുന്ന രൂപത്തിലുള്ള ഗുഹ്യരോഗം ബാധിച്ച ആളായിരുന്നുവെന്നോ;

(vi) മതപരമായ ഏതെങ്കിലും ചര്യാക്രമം സ്വീകരിച്ചു ലൗകികബന്ധം ഉപേക്ഷിച്ചുവെന്നോ;

(vii) ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, സ്വാഭാവികമായി അതിനെപ്പറ്റി കേൾക്കുമായിരുന്ന ആളുകളാൽ, ഏഴുവർഷമോ അതിൽകൂടുതലോ കാലമായി ആ കക്ഷി ജീവിച്ചിരിപ്പുള്ളതായി കേൾക്കപ്പെട്ടിട്ടില്ലെന്നോ; അഥവാ,

(viii) ആ കക്ഷിക്കെതിരായി ജുഡിഷ്യൽ വേർപാടിനുള്ള ഡിക്രി പാസ്സാക്കിയതിനു ശേഷം രണ്ടുവർഷമോ അതിലധികമോ കാലമായി സംയോഗം പുനരാരംഭിച്ചിട്ടില്ലെന്നോ;

(ix) ദാമ്പത്യാവകാശങ്ങൾ വീണ്ടും നടപ്പാക്കുന്നതിനുള്ള ഡിക്രി പാസ്സായിട്ടും, രണ്ടുവർഷമോ അതിലധികമോ കാലമായി ആ ഡിക്രി അനുസരിച്ച് നടപ്പാൻ വിട്ടു വരുത്തിയിരിക്കുന്നുവെന്നോ, ഉള്ള കാരണത്തിന്മേൽ, ഒരു വിവാഹമോചനഡിക്രി മുഖേന, വേർപെടുത്താവുന്നതാണ്.—

(2) ഭാര്യയ്ക്കും താഴെപറയുന്ന കാരണത്തിന്മേൽ വിവാഹമോചന ഡിക്രി മുഖേന അവരുടെ വിവാഹബന്ധം വേർപെടുത്തുവാൻ ഹർജി സമർപ്പിക്കാവുന്നതാണ്.

(i) ഈ ആക്റ്റ് നടപ്പിലാകുന്നതിനുമുമ്പ് നടന്നിട്ടുള്ള ഏതെങ്കിലും വിവാഹത്തിന്റെ കാര്യത്തിൽ, അപ്രകാരം നടപ്പിലാകുന്നതിനു മുമ്പ് ഭർത്താവു വീണ്ടും വിവാഹം കഴിച്ചിരിക്കുകയും, അപ്രകാരം നടപ്പിലാകുന്നതിനുമുമ്പ് വിവാഹം കഴിച്ചിരുന്ന ഭർത്താവിന്റെ വേറെ ഏതെങ്കിലും ഭാര്യ, ഹർജികക്ഷിയുടെ വിവാഹം നടത്തപ്പെട്ട സമയത്ത് ജീവിച്ചിരിക്കുകയും ചെയ്യുക.

എന്നാൽ രണ്ടു സംഗതിയിലും, ഹർജിസമർപ്പണസമയത്ത്, മറ്റേ ഭാര്യ ജീവിച്ചിരിപ്പുണ്ടായിരിക്കണം; അല്ലെങ്കിൽ

(ii) വിവാഹത്തിനുശേഷം, ഭർത്താവ്, ബലാൽസംഗത്തിനോ, പ്രകൃതിവിരുദ്ധമായ സംഭോഗത്തിനോ, മൃഗസംഭോഗത്തിനോ കുറ്റവാളിയായിത്തീർന്നിരിക്കുക.

14. <u>വിവാഹം കഴിഞ്ഞ് മൂന്നുവർഷത്തിനുള്ളിൽ വിവാഹമോചനത്തിനുള്ള യാതൊരു ഹർജിയും ബോധിപ്പിക്കരുതെന്ന്</u>:— (1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഹർജിസമർപ്പണത്തീയതിയിൽ വിവാഹത്തീയതിക്കുശേഷം മൂന്നുവർഷം കഴിഞ്ഞിട്ടില്ലാത്തപക്ഷം, വിവാഹമോചന ഡിക്രി മുഖേന വിവാഹം വേർപെടുത്തുന്നതിനുള്ള യാതൊരു ഹർജിയും സ്വീകരിക്കുവാൻ യാതൊരു കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല.

എന്നാൽ, കോടതിക്ക്, അക്കാര്യത്തിനുവേണ്ടി ഹൈക്കോടതി തയ്യാറാക്കാവുന്ന ചട്ടങ്ങൾക്ക് അനുസരണമായി, കോടതിക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ആ കേസ് ഹർജികക്ഷിക്ക് അസാധാരണമായ വൈഷമ്യം ഉളവാക്കുന്ന ഒന്നാണെന്നോ, അപ്പീൽപ്രതിയുടെ ഭാഗത്ത് അസാധാരണമായ അഴിമതിയുണ്ടെന്നോ ഉള്ള കാരണത്തിന്മേൽ, വിവാഹത്തീയതിക്കുശേഷം മൂന്നുവർഷം കഴിയുന്നതിനുമുമ്പുതന്നെ ഹർജി സമർപ്പിക്കുവാൻ അനുവദിക്കാവുന്നതും, എന്നാൽ, ഹർജിയുടെ വിചാരണസമയത്ത്, കോടതിക്ക് ഹർജി സമർപ്പിക്കുവാൻ ഹർജികക്ഷി അനുവാദം വാങ്ങിയത് കേസ് ഏതെങ്കിലുംപ്രകാരം തെറ്റിദ്ധരിപ്പിച്ചിട്ടാണെന്നോ, കേസിന്റെ സ്വഭാവം മറച്ചുവച്ചിട്ടാണെന്നോ തോന്നുന്നപക്ഷം, കോടതി ഒരു ഡിക്രി പുറപ്പെടുവിക്കുന്നുണ്ടെങ്കിൽ ആ ഡിക്രിക്കു വിവാഹത്തീയതി മുതൽ മൂന്നുവർഷം കഴിയുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ലെന്നുള്ള വ്യവസ്ഥയ്ക്കു വിധേയമായി കോടതിക്ക് അപ്രകാരം ചെയ്യാവുന്നതും, അല്ലെങ്കിൽ ഹർജി തള്ളാവുന്നതും; പക്ഷെ, അപ്രകാരം തള്ളുന്നത്,

അപ്രകാരം തള്ളപ്പെടുന്ന ഹർജിക്ക് ഉപോദ്ബലകമായിട്ടു ആരോപിക്കപ്പെട്ട വസ്തുതകളെ, അല്ലെങ്കിൽ കാര്യമായും അതേ വസ്തുതകളെ, ആസ്പദമാക്കി, പ്രസ്തുത മൂന്നുവർഷം കഴിഞ്ഞതിനുശേഷം കൊണ്ടുവരപ്പെട്ടാവുന്ന ഏതെങ്കിലും ഹർജിക്ക് ഹാനികൂടാത്ത വിധത്തിലായിരിക്കേണ്ടതു ആകുന്നു.

(2) വിവാഹത്തീയതിമുതൽ മൂന്നുവർഷം കഴിയുന്നതിനു മുമ്പ് വിവാഹമോചനത്തിനുവേണ്ടി ഹർജി സമർപ്പിക്കുവാനുള്ള അനുവാദത്തിന് ഈ വകുപ്പുപ്രകാരം ബോധിപ്പിക്കപ്പെടുന്ന ഏതെങ്കിലും അപേക്ഷ തീർമാനിക്കുമ്പോൾ, കോടതി, വിവാഹത്തിൽ കുട്ടികളുണ്ടെങ്കിൽ അവരുടെ താല്പര്യങ്ങളെയും, പ്രസ്തുത മൂന്നുവർഷം കഴിയുന്നതിനു മുമ്പ് കക്ഷികളെ തമ്മിൽ യോജിപ്പിക്കുവാൻ ന്യായമായ സാധ്യതയുണ്ടോ എന്നുള്ള പ്രശ്നവും പരിഗണിക്കേണ്ടതാണ്.

15. വിവാഹമോചനം നേടിയവർ വീണ്ടും എപ്പോൾ വിവാഹിതരാവാമെന്ന്?—ഒരു വിവാഹം, വിവാഹമോചനഡിക്രിമൂലം വേർപെടുത്തിയിരിക്കുകയോ ഡിക്രിക്കെതിരായി അപ്പീൽ കൊടുക്കുവാൻ അവകാശമൊന്നുമില്ലാതിരിക്കുകയോ, അപ്രകാരം അപ്പീലവകാശമുണ്ടെങ്കിൽ, അപ്പീൽ സമർപ്പിക്കപ്പെടാതെ ആ അപ്പീലിനുള്ള സമയം കഴിഞ്ഞുപോയിരിക്കുകയോ, അല്ലെങ്കിൽ അപ്പീൽ സമർപ്പിക്കുകയും എന്നാൽ അതു തള്ളിക്കളയുകയും ചെയ്തിരിക്കയോ ചെയ്യുമ്പോൾ, വിവാഹത്തിലെ ഇരുകക്ഷികളിലാർക്കും നിയമപ്രകാരം വീണ്ടും വിവാഹിതരായിത്തീരാവുന്നതാണ്.

എന്നാൽ, അതതു കക്ഷികൾക്ക്, വീണ്ടും വിവാഹിതരാകുന്നതിന്, ആ വിവാഹത്തീയതിയിൽ ആദ്യകോടതിയുടെ ഡിക്രിയുടെ തീയതിമുതൽ ഒരു വർഷമെങ്കിലും കഴിഞ്ഞിട്ടില്ലെങ്കിൽ, നിയമാനുവാദം ഉണ്ടായിരിക്കുന്നതല്ല.

16. അസാധുവായതും, അസാധുവാക്കത്തക്കതുമായ വിവാഹബന്ധങ്ങളിലെ കുട്ടികളുടെ ഔരസത്വം—11-ാം വകുപ്പും, 12-ാം വകുപ്പും പ്രകാരം, ഏതെങ്കിലും വിവാഹത്തെ സംബന്ധിച്ച്, ആ വിവാഹം അസാധുവാക്കിക്കൊണ്ടുള്ള ഒരു ഡിക്രി അനുവദിക്കുമ്പോൾ, ഡിക്രി ഉണ്ടാകുന്നതിനുമുമ്പു ജനനം പ്രാപിച്ചതോ, ഗർഭം ധരിക്കപ്പെട്ടതോ ആയതും, വിവാഹബന്ധം നിഷ്ഫലവും അസാധുവുമാക്കി പ്രഖ്യാപിക്കപ്പെടുകയോ, അസാധുവാക്കിക്കൊണ്ടുള്ള ഡിക്രിമൂലം റദ്ദാക്കപ്പെടുകയോ ചെയ്യുന്നതിനു പകരം, വേർപെടുത്തപ്പെട്ടിരുന്നുവെങ്കിൽ, വിവാഹത്തിലെ കക്ഷികളുടെ ഔരസസന്താനമാകുമായിരുന്നതും ആയ ഏതെങ്കിലും കുട്ടി, അസാധുത്വം കല്പിച്ചുകൊണ്ടുള്ള ഡിക്രി ഉണ്ടായിരുന്നാലും, അവരുടെ ഔരസസന്താനമായി കണക്കാക്കപ്പെടേണ്ടതാണ്.

എന്നാൽ ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ, നിഷ്ഫലവും അസാധുവും എന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതോ, അസാധുത്വം കല്പിച്ചുകൊണ്ടുള്ള ഡിക്രിമൂലം റദ്ദാക്കപ്പെട്ടതോ ആയ വിവാഹത്തിലുള്ള ഏതെങ്കിലും കുട്ടിക്ക്, മാതാപിതാക്കന്മാരല്ലാത്ത വേറെ ഏതെങ്കിലും ആളുടെ വസ്തുവിൽ വല്ല അവകാശവും, ഈ ആക്റ്റ് പാസ്സായിരുന്നില്ലെങ്കിൽ, ആ കുട്ടി അപ്രകാരമുള്ള ഏതെങ്കിലും അവകാശം കൈവശപ്പെടുത്തുവാൻ

ന്നോ സമ്പാദിക്കുവാനോ, താൻ തന്റെ മാതാപിതാക്കളുടെ ഔരസസന്താനമല്ലെന്നുള്ള കാരണത്താൽ, കഴിവില്ലാത്തവനായിത്തീരുമായിരുന്ന ഏതെങ്കിലും കേസ്സിൽ നൽകുന്നതായി വ്യാഖ്യാനിക്കാൻ പാടില്ലാത്തതാകുന്നു.

17. ദ്വിഭാര്യാത്വത്തിനും ദ്വിഭർത്തൃത്വത്തിനുമുള്ള ശിക്ഷ— ഈ ആക്റ്റ് നടപ്പിലായതിനുശേഷം നടത്തപ്പെടുന്ന രണ്ടു ഹിന്ദുക്കൾ തമ്മിലുള്ള ഏതെങ്കിലും വിവാഹം, ഇരുകക്ഷിയിൽ ആർക്കെങ്കിലും വിവാഹത്തീയതിയിൽ ഒരു ഭർത്താവോ ഭാര്യയോ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ, അസാധുവായിരിക്കുന്നതും, ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം ആക്റ്റ്) 494-ഉം, 495-ഉം വകുപ്പുകളിലെ വ്യവസ്ഥകൾ തദനുസരണം ബാധിക്കുന്നതുമാണ്.

18. ഹിന്ദുവിവാഹത്തിനുള്ള മററുതരം നിബന്ധനകളെ ലംഘിക്കുന്നതിനുള്ള ശിക്ഷ— ഈ ആക്റ്റിൻപ്രകാരം നടത്തപ്പെടുന്ന വിവാഹം, 5-ാം വകുപ്പ് (iii), (iv), (v), (vi) ഈ ഖണ്ഡങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള നിബന്ധനകൾ ലംഘിച്ചുകൊണ്ടു നടത്തുന്ന ഓരോ സ്ത്രീക്കും പുരുഷനും—

(എ) 5-ാം വകുപ്പ് (iii)-ാം ഖണ്ഡത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള നിബന്ധനയുടെ ലംഘനമാണെങ്കിൽ, പതിനഞ്ചു ദിവസത്തോളം വരാവുന്ന കാലത്തെ വെറുംതടവോ, ഒരായിരം ഉറുപ്പികയോളം വരാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ;

(ബി) 5-ാം വകുപ്പ് (iv)-ാം ഖണ്ഡത്തിലോ, (v)-ാം ഖണ്ഡത്തിലോ ചൂണ്ടിക്കാണിച്ചിട്ടുള്ള നിബന്ധനയുടെ ലംഘനമാണെങ്കിൽ, ഒരുമാസംവരെയുള്ള വെറുംതടവോ, ആയിരം ഉറുപ്പികയോളം വരാവുന്ന പിഴയോ, അഥവാ രണ്ടുംകൂടിയോ;

(സി) 5-ാം വകുപ്പ്, (vi)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള നിബന്ധനയുടെ ലംഘനമാണെങ്കിൽ, ആയിരം ഉറുപ്പികയോളം വരാവുന്ന പിഴയോ ശിക്ഷ കല്പിക്കേണ്ടതാകുന്നു.

വ്യവഹാരാധികാരവും നടപടിക്രമവും.

19. ഹർജി ബോധിപ്പിക്കേണ്ട കോടതി— ഒരു ഡിസ്ട്രിക്റ്റ് കോടതിയുടെ സാധാരണ ആദ്യ സിവിൽ വ്യവഹാരാധികാരം ഏതു വ്യവഹാരാധികാര സ്ഥലാതിർത്തികളിൽ നടക്കുന്നുവോ ആ സ്ഥലാതിർത്തികൾക്കുള്ളിൽ വെച്ചുണ്ടായ വിവാഹം നടത്തിയതോ, അല്ലെങ്കിൽ ഭർത്താവും ഭാര്യയും ഒരുമിച്ചു താമസിക്കുന്നതോ, അല്ലെങ്കിൽ ഒടുവിൽ താമസിച്ചിരുന്നതോ എങ്കിൽ, ആ ഡിസ്ട്രിക്റ്റ് കോടതിയിലേയ്ക്കുവേണം ഈ ആക്റ്റ്പ്രകാരമുള്ള ഏതൊരു ഹർജിയും ബോധിപ്പിക്കേണ്ടതു്.

20. ഹർജികളുടെ ഉള്ളടക്കവും സത്യബോധനവും— (1) ഈ ആക്റ്റിൻപ്രകാരം ഹാജരാക്കപ്പെടുന്ന എല്ലാ ഹർജികളിലും, നിവൃത്തിക്കുള്ള തീർച്ചക്കടിസ്ഥാനമായിരിക്കുന്ന വസ്തുതകളെ, കേസിന്റെ സ്വഭാവം അനുവദിക്കുന്നിടത്തോളം വ്യക്തമായി പ്രസ്താവിക്കേണ്ടതും, ഹർജിക്കക്ഷിയും വിവാഹത്തിലെ മറുകക്ഷിയും തമ്മിൽ യാതൊരു കൂട്ടുകെട്ടും ഇല്ലെന്നുംകൂടി പ്രസ്താവിക്കേണ്ടതുമാകുന്നു.

(2) ഈ ആക്റ്റിൻപ്രകാരമുള്ള എല്ലാ ഹർജികളിലും അടങ്ങിയ പ്രസ്താവനകൾ, ഹർജിക്കാരിയോ തക്കതായ മറ്റാരെങ്കിലും ആളോ, അന്യായ ഹർജികൾ സത്യാബോധപ്പെടുത്തുന്നതിനു നിയമപ്രകാരം ആവശ്യപ്പെട്ടവിധത്തിൽ സത്യബോധപ്പെടുത്തേണ്ടതും, വിചാരണസമയത്തു തെളിവായി അവ പ്രസ്താവിക്കാവുന്നതും ആകുന്നു.

21. 1908-ലെ 5-ാം ആക്റ്റ് സംബന്ധിപ്പിക്കൽ—ഈ ആക്റ്റിലടങ്ങിയിട്ടുള്ള മറ്റു വ്യവസ്ഥകൾക്കും, ഇതിലേയ്ക്കായി ഹൈക്കോടതി നിർമ്മിക്കാവുന്ന ചട്ടങ്ങൾക്കും വിധേയമായി, ഈ ആക്റ്റിൻപ്രകാരമുള്ള എല്ലാ നടപടികളും, കഴിവുള്ളിടത്തോളം, 1908-ലെ സിവിൽ നടപടി നിയമം (1908-ലെ 5-ാം ആക്റ്റ്) മൂലം ക്രമപ്പെടുത്തേണ്ടതാണ്.

22. നടപടികൾ രഹസ്യമായിരിക്കാവുന്നതും, അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുവാൻ പാടില്ലാത്തതുമാകുന്നു:—(1) ഇരുകക്ഷികളിൽ ഒരാൾ ആഗ്രഹിക്കുന്നപക്ഷമോ, കോടതിക്കു യുക്തമെന്നു തോന്നുന്നപക്ഷമോ, ഈ ആക്റ്റിൻപ്രകാരമുള്ള നടപടി രഹസ്യമായി നടത്തേണ്ടതും, കോടതിയുടെ മുൻ അനുമതിയില്ലാതെ ആരെങ്കിലും അപ്രകാരമുള്ള ഏതെങ്കിലും നടപടിയോടു ബന്ധപ്പെട്ട ഏതെങ്കിലും സംഗതി അച്ചടിക്കുകയോ, പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നതു നിയമാനുസൃതമല്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിലുള്ള വ്യവസ്ഥകൾക്കു വിപരീതമായി ആരെങ്കിലും ഏതെങ്കിലും സംഗതി അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്താൽ അയാൾക്ക് 1000 രൂപയോളം വരാവുന്ന പിഴശിക്ഷ കല്പിക്കേണ്ടതാകുന്നു.

23. നടപടികളിലെ ഡിക്രി—(1) ഈ ആക്റ്റുപ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ എതിർവാദം ഉണ്ടെങ്കിലും, ഇല്ലെങ്കിലും,—

(എ) നിവൃത്തി അനുവദിക്കുന്നതിനുള്ള വല്ല കാരണവും ഉണ്ടെന്നും, ആ നിവൃത്തി ലഭിക്കത്തക്കവണ്ണം ഹർജിക്കാരി അയാളുടേയോ അവളുടേയോ തെറ്റിൽനിന്നോ അപ്രാപ്തിയിൽനിന്നോ യാതൊരുവിധത്തിലും ഗുണം അനുഭവിക്കുന്നില്ലെന്നും,

(ബി) ഹർജിക്കുള്ള കാരണം, 10-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (എഫ്) ഖണ്ഡത്തിലോ, 13-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡത്തിലോ വിവരിച്ചിട്ടുള്ള കാരണമാണെങ്കിൽ, പരാതിപ്പെട്ടിട്ടുള്ള പ്രവൃത്തിക്കോ പ്രവൃത്തികൾക്കോ ഹർജിക്കാരി യാതൊരുതരത്തിലും സഹായിയായിരിക്കുകയോ, ഒത്താശ ചെയ്തിരിക്കുകയോ മാപ്പുകൊടുക്കുകയോ ചെയ്തിട്ടില്ലെന്നും, ഹർജിക്കുള്ള കാരണം ക്രൂരതയാണെങ്കിൽ, ഹർജിക്കാരി ആ ക്രൂരതയ്ക്ക് ഒരു തരത്തിലും മാപ്പുകൊടുത്തിട്ടില്ലെന്നും,

(സി) ഹർജി, പ്രതിയോടുകൂടി യോജിച്ച് ഹാജരാക്കുകയോ, നടപടിനടത്തുകയോ ചെയ്തിട്ടില്ലെന്നും,

(ഡി) നടപടി ആരംഭിക്കുന്നതിൽ അനാവശ്യമായോ, അവിഹിതമായോ യാതൊരു കാലവിളംബവും വരുത്തിയിട്ടില്ലെന്നും,

(ഇ) നിവൃത്തി അനുവദിക്കാതിരിക്കുന്നതിനു വേറെ നിയമാനുസൃത കാരണമൊന്നുംതന്നെയില്ലെന്നും, കോടതിക്കു ബോദ്ധ്യപ്പെടുന്ന

പക്ഷം, അപ്പോഴും, അങ്ങനെയുള്ള കേസുകളിലും, എന്നാൽ മറ്റുവിധമല്ലാതെ, അപ്രകാരമുള്ള നിവൃത്തി അതനുസരിച്ചു കോടതി വിധിക്കേണ്ടതാണ്.

(2) ഈ ആക്റ്റുപ്രകാരം വല്ല നിവൃത്തിയും നൽകുവാൻ ഒരുമ്പെടുന്നതിനുമുമ്പ്, കേസ്സിന്റെ സ്വഭാവത്തിനും ചുറ്റുപാടുകൾക്കും അനുയോജ്യമായി, സാദ്ധ്യമാകുന്നിടത്തോളം എല്ലാ സംഗതികളിലും, കക്ഷികളെ പരസ്പരം യോജിപ്പിക്കുന്നതിനുവേണ്ട എല്ലാ ശ്രമങ്ങളും ചെയ്യുക എന്നതു് ആദ്യമായും കോടതിയുടെ കർത്തവ്യമായിരിക്കുന്നതാണ്.

24. വ്യവഹാരകാലത്തേയ്ക്കുള്ള സംരക്ഷണവും നടപടിച്ചെലവും:—ഈ ആക്റ്റിൻപ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ, സന്ദർഭംപോലെ ഭാര്യയ്ക്കോ, ഭർത്താവിനോ, അവളേയോ അയാളേയോ സംരക്ഷിക്കുന്നതിനും, ആവശ്യമുള്ള നടപടിച്ചെലവുകൾ വഹിക്കുന്നതിനും മതിയായ വിധം സ്വതന്ത്രമായ യാതൊരു വരുമാനവുമില്ലെന്നു കോടതിക്കു തോന്നുന്നപക്ഷം, ഭാര്യയുടേയോ ഭർത്താവിന്റെയോ അപേക്ഷപ്രകാരം, ആ നടപടിക്കുള്ള ചെലവുകളും, നടപടി തുടർന്നുകൊണ്ടിരിക്കുന്നകാലത്തേയ്ക്കു്, ഹർജികക്ഷിയുടെ സ്വന്തം വരുമാനവും, പ്രതിയുടെ വരുമാനവും പരിഗണിച്ചു യുക്തമെന്നു തോന്നുന്നപ്രകാരം മാസംതോറും ഒരു തുകയും, ഹർജികക്ഷിക്കു കൊടുപ്പാൻ പ്രതിയോടു കോടതിക്കു ഉത്തരവാകാവുന്നതാണ്.

